**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1596** **14.07.2016- ൽ മറുപടിക്ക്**

**"ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>,, എം. സ്വരാജ്<br>,, കെ. ബാബു<br>,, ബി.ഡി. ദേവസ്സി | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | രാജ്യത്ത് കേവലം വിനോദ സഞ്ചാരത്തിനപ്പുറം വ്യവസായ സംരംഭം എന്ന നിലയിൽ കൂടി ടൂറിസം വളർന്നു വരുന്നത് പരിഗണനയിൽ വന്നിട്ടുണ്ടോ; | എ) | സർവ്വീസ് സെക്ടറിൽ ഉൾപ്പെടുന്നവ കൂടി ഉല്പാദന മേഖലയ്ക്ക് പുറമെ MSME-യുടെ പരിധിയിൽ വരുന്നതാണ്. സാമ്പത്തിക സഹായം ഒഴികെയുള്ള സഹായങ്ങൾ സർവ്വീസ് മേഖലയ്ക്ക് നൽകി വരുന്നു. ടൂറിസം മേഖലയ്ക്ക് ആവശ്യമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സാമ്പത്തിക സഹായവും ലഭ്യമാണ്. |
| ബി) | ടൂറിസം മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും കാലാനുസൃതമായ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; | ബി) & സി) | 11.07.1986 ലെ സ.ഉ(പി)നം. 224/86/GAD പ്രകാരം ടൂറിസത്തെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ട്. പുതിയ വ്യവസായ നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ടി വ്യവസായ നയം രൂപീകരിക്കുന്ന ഘട്ടത്തിൽ ടൂറിസം മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | വ്യവസായ നയത്തിൽ ടൂറിസത്തിന് അർഹമായ പ്രാധാന്യം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**